**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **04-03-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വഴി ഗുരുവായൂർ ദേവസ്വത്തിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമം വരുന്നതിന് മുമ്പ് ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക നിയമനം നൽകുകയും അതിനുശേഷം സ്ഥിരം നിയമനം നൽകണമെന്ന് മാനേജിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടും സ്ഥിരം നിയമനം ലഭിക്കാത്തവരുമായ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 256 പേർ.<br>വിശദ വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാരിൽ എത്ര പേർ സുപ്രീംകോടതിയുടെ 18.07.2024-ലെ ഉത്തരവിന്റെ (സിവിൽ അപ്പീൽ നമ്പർ.4670/2023) അടിസ്ഥാനത്തിൽ നിലവിൽ ദേവസ്വത്തിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 242 പേർ പ്രവൃത്തിയിലുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വഴി നിയമനം നൽകുന്നതിന് ഗുരുവായൂർ ദേവസ്വവും ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡും സർക്കാരും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 4670/2023 and connected കേസുകളിന്മേൽ 18.07.2024 ലെ വിധിന്യായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ ദേവസ്വം 15.10.2024 തീയതിയിലെ B1-7679/2023(a), EC1-3701/2024 കത്തുകൾ മുഖേന 38 തസ്തികകളിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഗുരുവായൂർ ദേവസ്വം ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നാല് തസ്തികകൾക്ക് റാങ്ക് പട്ടിക നിലവിൽ ഉണ്ടായിരുന്നതിനാൽ അവയുടെ ഒഴിവുകളിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 34 തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് മാത്രമേ നിയമന നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഗുരുവായൂർ ദേവസ്വം റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിയമന നടപടികൾ സ്വീകരിക്കുമ്പോൾ ഗുരുവായൂർ ദേവസ്വത്തിൽ താല്ക്കാലിക /ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ബഹു. സുപ്രീം കോടതി |

| | | | |
|---|---|---|---|
| | | | നിർദേശാനുസരണം പ്രായപരിധിയിൽ ഇളവ് അനുവദിച്ച് കൊണ്ട് പുതുതായി ആരംഭിക്കുന്ന തിരഞ്ഞടുപ്പ് പ്രക്രിയയിൽ പങ്കെടുക്കാൻ അവരെ അനുവദിക്കുകയും പ്രവൃത്തി പരിചയം ഉള്ള താല്ക്കാലിക ജീവനക്കാർക്ക് അധിക മാർക്ക് അനുവദിക്കുന്നതിനുള്ള നയം രൂപികരിക്കുകയും ചെയ്യേണ്ടതുണ്ട്. താല്ക്കാലിക ജീവനക്കാർക്ക് പ്രായപരിധി ഇളവ്, ഗ്രേസ് മാർക്ക് എന്നിവ നൽകുന്നതിനും, ടി തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചും, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.<br>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ, ഗുരുവായൂർ ദേവസ്വം ചെയർമാൻ എന്നിവരുമായി ബഹു. ദേവസ്വം വകുപ്പ് മന്ത്രി 05.12.2024 വൈകു. 4 00 മണിക്ക് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ യോഗം ചേരുകയും ഗുരുവായൂർ ദേവസ്വത്തിൽ വിവിധ വിഭാഗങ്ങളിലായി താൽക്കാലികമായി ജോലിയെടുത്തു വരുന്നവരുടെ നിയമനപ്രക്രിയയുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹു. സുപ്രീം കോടതി വിധിപ്രസ്താവം സംബന്ധിച്ച് ഗുരുവായൂർ ദേവസ്വം ചെയർമാൻ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ചെയർമാൻ എന്നിവർ സംയുക്തമായി അഡ്വക്കേറ്റ് ജനറലുമായി താമസംവിനാ കൂടിക്കാഴ്ച നടത്തി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതാണ് എന്ന് തീരുമാനിച്ചിരുന്നു.<br>ഗുരുവായൂർ ദേവസ്വത്തിലെ 34 തസ്തികകളിലേക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | സുപ്രീംകോടതി നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പ്രസ്തുത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ സോഫ്റ്റ് വെയർ പരിഷ്കരിച്ച് വരുന്ന വേളയിലാണ് ബഹു. സുപ്രീം കോടതിയുടെ വിധിന്യായം വന്നത് എന്നതിനാൽ സോഫ്റ്റ് വെയർ പരിഷ്കരിച്ച് ബഹു. സുപ്രീം കോടതി നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ നിയമന നടപടി സ്വീകരിക്കുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ ഉള്ളതിനാൽ ബഹു. സുപ്രീം കോടതിയിൽ നിയമന നടപടികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നീട്ടി നല്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**VACANCY REPORTING TO KDRB**

**(CANO:4670/2023 AND CONNECTED CASES)**

| ക്ര | തസ്തിക | ആകെ ഒഴിവുകൾ |
|---|---|---|
| 1 | KG Aaya | 2 |
| 2 | KG Teacher | 2 |
| 3 | Lab Attender GDEMS | 1 |
| 4 | Office Attendant GDEMS | 2 |
| 5 | Sweeper GDEMS | 2 |
| 6 | Lower Division Clerk GDEMS | 1 |
| 7 | Sanitation worker/Roomboy | 114 |
| 8 | Helper | 12 |
| 9 | Gardener | 1 |
| 10 | Cowboy | 12 |
| 11 | Santhikkar keezhedam | 7 |
| 12 | Driver(Grade-2) | 4 |
| 13 | Assistant Librarian GR1 | 1 |
| 14 | Plumber | 5 |
| 15 | Work Superintendent | 9 |
| 16 | Junior Health Inspector(Grade -2) | 3 |
| 17 | Livestock Stock Inspector(Grade-2) | 2 |
| 18 | Veterinary Surgeon | 2 |
| 19 | Lower Division Clerk | 22 |
| 20 | LD Typist | 2 |
| 21 | Asst.Lineman | 12 |
| 22 | Medical Officer(AYURVEDA) | 1 |
| 23 | Sanitation worker/nursing assistant Ayurveda | 1 |
| 24 | Depy.System Administrator EDP | 1 |
| 25 | Data Entry Operator | 1 |
| 26 | Computer Operator | 1 |
| 27 | Maddalam Player Temple | 1 |
| 28 | Thalam Player Temple | 1 |
| 29 | Junior Public Health Nurse | 1 |
| 30 | Maddalam Teacher | 1 |
| 31 | Timila Teacher | 1 |
| 32 | Costume Maker Asan | 1 |
| 33 | Kalanilayam Suptd | 1 |
| 34 | Stage Assistant | 4 |
| 35 | Green Room Asst | 1 |
| 36 | Lamp Cleaner | 8 |
| 37 | Prasadam Packer | 1 |
| 38 | Casual Worker (Vengad) | 4 |
| 39 | Casual Worker (Kaveed) | 8 |
| **Total** | | **256** |